ആമുഖം.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് 1947 ജൂലൈ 18 ന് സ്ഥാപിതമായ ഗോവ ഗവ. എൽ. പി. സ്കൂൾ പാറക്കടവ് പഞ്ചായത്തിന്റെ വടക്കേ അതിർത്തിയിൽ സ്ഥിതി ചെയ്യുന്നു. നഗരത്തിന്റെ തിരക്കുകളിൽ നിന്നകന്ന് ഗ്രാമത്തിന്റെ പ്രശാന്ത സുന്ദരമായ അന്തരീക്ഷത്തിലാണ് ഈ വിദ്യാലയം. കുന്നിൻ മുകളിൽ സ്ഥിതിചെയ്യുന്ന വിദ്യാലയമായതിനാൽ ഇത് 'കുന്ന് സ്കൂൾ' എന്ന പേരിലാണ് അറിയപ്പെടുന്നത്. വിദ്യാലയത്തിന് ചുറ്റും പാറക്കൂട്ടങ്ങൾ. കുന്നായതിനാൽ ജനവാസം കുറഞ്ഞ ഒരു മേഖലയാണിത്. കൂടാതെ വാഹന സൗകര്യവും കുറവാണ്. സ്കൂളിന്റെ പടികയറി വരുമ്പോൾ നമുക്ക് സ്വാഗതം ചെയ്യുന്നത് തലയുയർത്തി നിൽക്കുന്ന വമ്പൻ മരങ്ങളും ഫലവൃക്ഷങ്ങളുമാണ്. കൂടാതെ ആകർഷിക്കുന്ന ഹരിതാഭ എടുത്തു പറയേണ്ട കാര്യമാണ്.

ചരിത്രം :

കേരളത്തിലെ വിദ്യാലയമായിരുന്നു ഇത്. സമീപ പ്രദേശങ്ങളിലൊന്നും തന്നെ അടുത്തകാലത്ത് മറ്റ് വിദ്യാലയങ്ങൾ ഇല്ലായിരുന്നതിനാൽ കുട്ടികളുടെ ബാഹുല്യം മൂലം ആദ്യകാലങ്ങളിൽ ഇന്ന് സമ്പ്രദായത്തിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. എന്നാൽ അടുത്ത കാലഘട്ടത്തിൽ എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങൾ ധാരാളമായി സ്ഥാപിതമായതിനാൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. വിശാലമായ കളിസ്ഥലം ഉൾക്കൊള്ളുന്ന 60 സെന്റ് സ്ഥലത്താണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. 2021 ൽ MP Lads Fund പ്രകാരം പഴയതിനോടു ചേർത്തു പുതിയ കെട്ടിടം പണിതു.